സി.എം റഫീഖ് കോക്കൂർ



# കറകളഞ്ഞ പശ്ചാത്താപം

عَنْ أَبِي هُرَيْرَةَ رضي الله عنه قال: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: وَاللَّهِ إِنِّي لَأَسْتَغْفِرُ اللَّهَ وَ أَتُوبُ إِلَيْهِ فِي الْيَوْمِ أَكْثَرَ مِنْ سَبْعِينَ مَرَّةً (بخاري).

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം: റസൂൽ (സ) പറയുന്നതായി ഞാൻ കേട്ടു: ''അല്ലാഹുവാണ, പ്രതിദിനം എഴുപതിൽപരം പ്രാവശ്യം അല്ലാഹുവിങ്കലേക്ക് ഞാൻ മടങ്ങുകയും പാപമോചനത്തിനർഥിക്കുകയും ചെയ്യുന്നു.'' (ബുഖാരി)

സത്യവിശ്വാസിയുടെ ജീവിതത്തിൽ നിരന്തരമായി ഉണ്ടാകേണ്ട രണ്ട് പ്രധാന സംഗതികളിലേക്കാണ് ഈ പ്രവാചക വചനം വിരൽചൂണ്ടുന്നത്, ഇസ്തിഗ്ഫാറും തൗബയും (പാപമോചനത്തിനുള്ള അർഥനയും പശ്ചാത്താപവും).

അല്ലാഹുവിന്റെ മഹത്വത്തിനും വിശിഷ്ട പദവിക്കും നിരക്കാത്ത വല്ലതും തന്നിൽനിന്ന് വന്നുപോയിട്ടുണ്ടോ എന്ന് വിചാരിക്കുമ്പോഴെല്ലാം തിരുമേനി (സ) തൗബ ചെയ്യുന്നത് പതിവായിരുന്നു. നബി (സ) പാപങ്ങൾ ചെയ്തതുകൊണ്ടായിരുന്നില്ല തൗബ ചെയ്തിരുന്നത്. ആത്മാർഥമായി നടത്തുന്ന പശ്ചാത്താപം മാത്രമാണ്, അറിഞ്ഞോ അറിയാതെയോ ചെയ്തുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾ പൊറുക്കപ്പെടുന്നതിനുള്ള ഏകമാർഗം എന്ന് അനുയായികളെ പഠിപ്പിക്കലായിരുന്നു മുഖ്യ ഉദ്ദേശ്യം.

മറ്റൊരിക്കൽ റസൂൽ (സ) പറഞ്ഞു: ''ജനങ്ങളേ! നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടങ്ങുകയും അവനോട് പാപമോചനത്തിനർഥിക്കുകയും ചെയ്യുക. ഞാൻ ദിവസവും നൂറ് പ്രാവശ്യം പശ്ചാത്തപിച്ച് മടങ്ങുന്നു'' (മുസ്‌ലിം).

അല്ലാഹുവോടുള്ള ബന്ധത്തിൽ, സൃഷ്ടികളോടുള്ള ബന്ധത്തിൽ, പരിസ്ഥിതിയോടുള്ള ബന്ധത്തിൽ ഒക്കെ മനുഷ്യന് ചെറുതും വലുതുമായ അബദ്ധങ്ങൾ സംഭവിക്കാം. അവക്കുള്ള പരിഹാരമായാണ് തൗബയും ഇസ്തിഗ്ഫാറും ഇവിടെ പരിചയപ്പെടുത്തിയിരിക്കുന്നത്.

പടച്ചവനോടുള്ള ധിക്കാരവും അനുസരണക്കേടും ഒരു പരിധി കഴിഞ്ഞാൽ അല്ലാഹു തന്റെ അനുഗ്രഹങ്ങൾ തടഞ്ഞുവെക്കാൻ കാരണമായേക്കുമെന്ന് മനസ്സിലാക്കണം. ധനികർ തങ്ങളുടെ സമ്പത്തിൽനിന്ന് പാവപ്പെട്ടവർക്കുള്ള അവകാശം നൽകാതെ വന്നാൽ ആകാശത്തുനിന്ന് മഴ വർഷിക്കുന്നത് അല്ലാഹു തടഞ്ഞേക്കുമെന്ന് പ്രവാചകൻ (അ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇൽയാസ് നബി(അ)യുടെ താന്തോന്നികളും ദൈവധിക്കാരികളുമായ സമൂഹത്തിന്റെ നേതാവായിരുന്ന ആഹാബിന് ആ പ്രവാചകൻ ഇങ്ങനെ മുന്നറിയിപ്പ് നൽകിയതായി ബൈബിളിൽ കാണാം: ''നിങ്ങളുടെ പാപത്തിന്റെ ഫലമായി, ഇസ്‌റാഈൽ നാട്ടിൽ ഇനി ഒരു തുള്ളി മഴ പോലും വർഷിക്കില്ല. മഞ്ഞുതുള്ളികൾ വരെ വീഴില്ല.'' ഇത് അക്ഷരം പ്രതി പുലർന്നു. മൂന്നര വർഷം മഴ പെയ്തില്ലെന്നാണ് ചരിത്രം. റസൂലി(സ)ന്റെ കാലഘട്ടത്തിലും കന്നുകാലികൾ വരെ ചത്തൊടുങ്ങുമാറ് കഠിനമായ വരൾച്ച ബാധിച്ചതും, ഖുറൈശി നേതാക്കൾ പ്രവാചകനോട് പ്രാർഥിക്കാനാവശ്യപ്പെട്ടതും, റസൂലിന്റെ പ്രാർഥനയെ തുടർന്ന് മഴ വർഷിച്ചതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഹസൻ ബസ്വരി(റ)യുടെ സദസ്സ്. ആളുകൾ പലതരം പരാതികൾ സമർപ്പിച്ചുകൊണ്ടിരുന്നു. വരൾച്ച, ദാരിദ്ര്യം, സന്താനമില്ലായ്മ, വിള മോശമാകൽ തുടങ്ങി പലതരം ആവലാതികൾ. എല്ലാവർക്കും അദ്ദേഹം നൽകിയ ഉത്തരം; 'അല്ലാഹുവിനോട് മാപ്പിരക്കൂ'. ആളുകൾ ചോദിച്ചു: ''ഇതെന്താണിങ്ങനെ? പരാതികൾ വ്യത്യസ്തം. പക്ഷേ, പരിഹാരം ഒന്ന്.'' മറുപടിയായി സൂറത്തു *നൂഹി*ലെ ആയത്തുകൾ (10-12) അദ്ദേഹം ഓതിക്കേൾപ്പിച്ചു.

പശ്ചാത്താപം ആത്മാർഥമായിരിക്കണമെന്നാണ് പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. 'തൗബതുൻ നസ്വൂഹ്' എന്നാണ് കലർപ്പറ്റ പശ്ചാത്താപത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. ഉബയ്യുബ്നു കഅ്ബി(റ)നോട് ഇതിന്റെ ആശയം അന്വേഷിച്ചപ്പോൾ അദ്ദേഹം, ഇതേ ചോദ്യം താൻ റസൂലി(സ)നോട് ചോദിച്ച കാര്യം ഓർമിച്ചു. അപ്പോൾ പ്രവാചകൻ അദ്ദേഹത്തിന് നൽകിയ മറുപടി ഇതായിരുന്നു: ''തെറ്റ് ചെയ്തുപോയാൽ അതിൽ അതിയായ ദുഃഖം തോന്നുക, പൊറുത്തുതരാൻ ലജ്ജയോടെ അല്ലാഹുവിനോടിരക്കുക, പിന്നീടൊരിക്കലും അതാവർത്തിക്കാതിരിക്കുക.''

ഉമർ (റ) അതിനു നൽകിയ വിശദീകരണം ഇങ്ങനെ: ''പശ്ചാത്താപത്തിനു ശേഷം ആ തെറ്റ് ആവർത്തിക്കുന്നതു പോകട്ടെ, അതേക്കുറിച്ച് ചിന്തിക്കുക പോലും അരുത്.'' ഒരിക്കൽ ഒരു ഗ്രാമീണ അറബി വേഗത്തിൽ ഇസ്തിഗ്ഫാറും തൗബയും നടത്തിക്കൊണ്ടിരിക്കുന്നത് അലി(റ)യുടെ ശ്രദ്ധയിൽപെട്ടു. അലി (റ) പറഞ്ഞു: ''ഇത് വ്യാജന്മാരുടെ തൗബയാണ്.'' അപ്പോൾ അദ്ദേഹത്തോട് ചോദിച്ചു: ''എങ്കിൽ ശരിയായ തൗബ ഏതാണ്?'' 'ആറ് കാര്യങ്ങൾ കൂടിച്ചേർന്നുവരുമ്പോഴാണ് ശരിയായ തൗബയായിത്തീരുക' എന്ന് അദ്ദേഹം മറുപടി നൽകി: ഒന്ന്, സംഭവിച്ചുപോയതിൽ ഖേദം. രണ്ട്, വീഴ്ച വരുത്തിയ കടമകൾ നിറവേറ്റുക. മൂന്ന്, ആരോടെങ്കിലും ബാധ്യതയുണ്ടെങ്കിൽ തീർക്കുക. നാല്, ദ്രോഹിച്ചിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുക. അഞ്ച്, ഭാവിയിൽ ആവർത്തിക്കില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക. ആറ്, മനസ്സിനെ അല്ലാഹുവോടുള്ള തഖ്‌വയിൽ ബന്ധിച്ചുനിർത്തുക. ●